കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 15.08.2020

# ദേശീയപാത വികസനം ദ്രുതഗതിയിൽ മുന്നോട്ട് – മന്ത്രി ജി.സുധാകരൻ

കേരളത്തിലെ ദേശീയപാത 66 ലെ ആറുവരിപ്പാത വികസനം ദ്രുതഗതിയിൽ മുന്നേറുന്നതായി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

സ്റ്റാന്റ് എലോൺ പ്രോജക്ടുകളായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ പാലോളി പാലവും മൂരാട് പാലവും ടെണ്ടർ തുറന്നു തുടർപ്രക്രിയകൾ നടന്നു വരുന്നു. കാസർഗോഡ് ജില്ലയിലെ തലപ്പാടി – ചെങ്ങള, ചെങ്ങള – നീലേശ്വരം, നീലേശ്വരം – തളിപ്പറമ്പ് എന്നീ റീച്ചുകളുടെ ടെണ്ടർ ആഗസ്റ്റ് 17 നു തുറക്കുന്നതാണെന്നു ദേശീയപാത അതോറിറ്റി അറിയിച്ചതായും മന്ത്രി പറഞ്ഞു.

നിലവിൽ ദേശീയപാത 66 ൽ മൂന്നു പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്. തലശ്ശേരി – മാഹി ബൈപ്പാസ്, സ്റ്റാന്റ് എലോൺ പ്രോജക്ടുകളായി ചെയ്യുന്ന കാസർഗോഡ് ജില്ലയിലെ നീലേശ്വരം റെയിൽവേ മേൽപ്പാലം, തിരുവനന്തപുരം കഴക്കൂട്ടം ഫ്ളൈ ഓവർ എന്നിവയാണ് നിർമ്മാണം നടക്കുന്നത്. നല്ല പുരോഗതിയിൽ മുന്നേറുന്നുണ്ട്. എന്നാൽ കോഴിക്കോട് ബൈപ്പാസും കരാർ വെച്ചെങ്കിലും കരാർ കമ്പനിയ്ക്കു അനുവദിച്ച കാലാവധിക്കുള്ളിൽ കരാർ വ്യവസ്ഥ പ്രകാരമുള്ള സാമ്പത്തിക രേഖകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ ഒന്നര വർഷത്തോളമായി പ്രവൃത്തി നീണ്ടു പോകുകയാണ്. കരാർ കമ്പനിക്കെതിരെ കരാർ ലംഘനത്തിനുള്ള നടപടി എൻ.എച്ച്.എ.ഐ സ്വീകരിക്കുന്നില്ല. കുതിരാൻ തുരങ്കമുൾപ്പെടുന്ന മണ്ണൂത്തി – വടക്കഞ്ചേരി പാതയുടെ പ്രവൃത്തിയും അതേ കമ്പനിയുടെ അനാസ്ഥയും വീഴ്ചയും കാരണം ഒരു വർഷത്തിലധികമായി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത കമ്പനിയുമായുള്ള കരാറുകൾ റദ്ദു ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര മന്ത്രി നിധിൻ ഗഡ്കരിക്കു കഴിഞ്ഞ ദിവസം കത്തയയ്ക്കുകയും ചെയ്തതായി മന്ത്രി അറിയിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയ പശ്ചാത്തല വികസന പ്രോജക്ടുകളിൽ ഒന്നാണ് ദേശീയപാത 66 വികസനം. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയുമായും, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായും ഇതിനായി ഡൽഹിയിൽ ചർച്ച നടത്തി. മുഖ്യമന്ത്രിയോടൊപ്പം ചർച്ചകളിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും പങ്കെടുത്തു. സ്ഥലമേറ്റെടുക്കുന്ന തുകയുടെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന വ്യവസ്ഥ അംഗീകരിക്കേണ്ടിയും വന്നു. ഇതെല്ലാം ഒരിക്കലും നടക്കില്ലെന്നു കരുതിയ ദേശീയപാത വികസനം യാഥാർത്ഥ്യത്തിലേക്ക് എത്തിക്കുന്നതിനുള്ള ഇച്ഛാശക്തിയോടെയുള്ള ഈ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമാണ്. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ദേശീയപാത 66 ൽ പൂർത്തിയാക്കിയ രാമനാട്ടുകര തൊണ്ടയാട് മേൽപ്പാലങ്ങൾ, പൂർത്തീകരിക്കാൻ പോകുന്ന വൈറ്റില, കുണ്ടന്നൂർ

മേൽപ്പാലങ്ങൾ, പകുതി ചെലവു സംസ്ഥാനം വഹിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ എല്ലാം സമയബന്ധിതമായി നടപ്പിലാക്കുകയാണ്. എൻ.എച്ച്.എ.ഐ നടപ്പിലാക്കുന്ന കഴക്കൂട്ടം - കാരോട് ബൈപ്പാസ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കേരളത്തിലെ ദേശീയപാത വികസനമെന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണ് എന്ന് മന്ത്രി അറിയിച്ചു.

സർക്കാരും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും എൻ.എച്ച്.എ.ഐ-യോട് ആവശ്യപ്പെട്ടിരുന്നത് ദേശീയപാത കടന്നു പോകുന്ന എല്ലാ ജില്ലകളിലും ഒരു റീച്ചെങ്കിലും ടെണ്ടർ ചെയ്തു പണി തുടങ്ങണമെന്നായിരുന്നു. എന്നാൽ അത്തരത്തിൽ കാര്യങ്ങൾ പ്രായോഗിക തലത്തിലെത്തിക്കാൻ എൻ.എച്ച്.എ.ഐ-യ്ക്കു സാധിച്ചിട്ടില്ല. പല കാര്യങ്ങളിലും വളരെയധികം കാലതാമസം ദേശീയപാത അതോറിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഏതായാലും ദേശീയപാതയ്ക്കായി സ്ഥലം വിട്ടു നൽകേണ്ടി വരുന്ന ജനങ്ങൾക്കു കുറെ വർഷങ്ങളായി സ്വന്തം സ്ഥലം ഒന്നും ചെയ്യാനാകാതിരുന്ന അനിശ്ചിതാവസ്ഥയ്ക്ക് ഇപ്പോൾ മോചനമായിരിക്കുന്നു. ഇപ്പോൾ ടെണ്ടർ നടപടി പൂർത്തീകരിക്കുന്ന റീച്ചുകളിൽ യോഗ്യതയില്ലാത്ത കരാർ കമ്പനികളെ പരിഗണിക്കരുതെന്നും നല്ല ട്രാക്ക് റെക്കോഡുള്ള കമ്പനികളെ മാത്രം പരിഗണിക്കണമെന്നും കേരളത്തിലെ ബാക്കി ജില്ലകളിലെ റീച്ചുകളിലും സ്ഥലമെടുപ്പ് അതിവേഗം പൂർത്തിയാക്കി ടെണ്ടർ നടപടി സ്വീകരിക്കണമെന്നും മന്ത്രി ജി.സുധാകരൻ ആവശ്യപ്പെട്ടു.